# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 630

19.03.2013-ൽ മറുപടിക്ക്

## കെട്ടിട വാടക നിയന്ത്രണ നിയമ പരിഷ്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. മമ്മൂട്ടി;<br>,, എം. ഉമ്മർ;<br>,, കെ. എം. ഷാജി;<br>,, റ്റി. എ. അഹമ്മദ് കബീർ; | | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | കെട്ടിടവാടക നിയന്ത്രണ നിയമം പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏത് വിധത്തിലുള്ള പരിഷ്കരണമാണെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br>കേന്ദ്ര സർക്കാർ തയ്യാറാക്കിയ മോഡൽ വാടക നിയമം, നിയമ പരിഷ്കരണ സമിതി തയ്യാറാക്കിയ കരട് ബില്ല്, നിലവിലുള്ള 1965-ലെ കെട്ടിടവാടക നിയന്ത്രണ നിയമത്തിലെ സ്വീകാര്യമായ വ്യവസ്ഥകൾ, വിവിധ സംസ്ഥാനങ്ങളിലെ പരിഷ്കരിച്ച വാടക നിയന്ത്രണ നിയമങ്ങൾ, തത്പര കക്ഷികളുടെ നിർദ്ദേശങ്ങൾ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ പുതിയ കേരള കെട്ടിട (പാട്ട, ന്യായ വാടക, മറ്റ് സൗകര്യങ്ങൾ) ബില്ലിന്റെ കരട് തയ്യാറാക്കിയിട്ടുള്ളത്. |
| (ബി) | ഇതിനായി കെട്ടിട ഉടമകളുടെയും, വാടകക്കാരുടെയും പ്രതിനിധികളിൽ നിന്നും അഭിപ്രായ ശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ പൊതു വികാരം എന്തായിരുന്നു; വ്യക്തമാക്കുമോ; | (ബി) | വ്യാപാരി വ്യവസായി സംഘടന പ്രതിനിധികളും കെട്ടിട ഉടമകളുടെ സംഘടനപ്രതിനിധികളും മറ്റു ബന്ധപ്പെട്ടവരുമായി 17.10.2012-ലും 03.12.2012-ലും ധന, നിയമ, ഭവന വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പുതിയ കരട് കേരള കെട്ടിട (പാട്ട, ന്യായ വാടക, മറ്റ് സൗകര്യങ്ങൾ) ബില്ലിനെ സംബന്ധിച്ച് ചർച്ച ചെയ്യുകയും, ചർച്ചകളിൽ പങ്കെടുത്തവരെല്ലാം തന്നെ കരട് ബിൽ ചില ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. |

(സി) പരിഷ്കരണം നടത്തുമ്പോൾ കെട്ടിട ഉടമയും വാടകക്കാരനും തമ്മിലുള്ള നല്ല ബന്ധം നിലനിർത്തത്തക്ക വിധത്തിലാവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

(സി) പരിഷ്കരിച്ച കരട് കേരള കെട്ടിട (പാട്ട, ന്യായ വാടക, മറ്റ് സൗകര്യങ്ങൾ) ബില്ലിൽ കെട്ടിട ഉടമയും വാടകക്കാരനും തമ്മിൽ നല്ല ബന്ധം നിലനിർത്തുവാൻ ഉതകുന്ന തരത്തിലുള്ള വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ